## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2249

06-10-2016-ൽ
മറുപടി നൽകേണ്ടത്

### ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | : | പ്രൊഫ.സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുറഞ്ഞു വരുന്നതായുള്ള സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ് കാരണങ്ങൾ എന്ന് വിലയിരുത്തിയിട്ടുണ്ടോ; | എ) ഉണ്ട്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരവുമായി ബന്ധപ്പെട്ട വിഷയങ്ങൾ Internal Quality Assurance Cell ഉം മറ്റ് അക്കാദമിക് കമ്മിറ്റികളും വിലയിരുത്തുന്നുണ്ട്.<br>എന്നാൽ ഉന്നതവിദ്യാഭ്യാസരംഗത്ത് വിദ്യാഭ്യാസ ത്തിന്റെ ഗുണനിലവാരം കുറഞ്ഞു വരുന്നതിന് പ്രധാന കാരണങ്ങൾ കണ്ടെത്തുന്നതിന് സമഗ്രമായ ഒരു പഠനം നടത്തിയിട്ടില്ല. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണ നിലവാരം കുറയുന്നതിന് കോഴ്സുകളുടെ വൈവിധ്യ വൽക്കരണം, സിലബസ് പരിഷ്കരണം, ആധുനിക ബോധനരീതികൾ നടപ്പിലാക്കൽ തുടങ്ങിയവയുടെ അഭാവമാണ് പ്രധാന കാരണങ്ങളായി വില യിരുത്തപ്പെടുന്നത്. |

| | |
|---|---|
| ബി) സംസ്ഥാനത്തെ ഓരോ സർവ്വകലാശാലകളിലും കൽപ്പിത സർവ്വകലാശാലകളിലും കോളേജുകളിലും പഠനത്തിനായി വരുന്ന വിദേശികളുടെയും അന്യ സംസ്ഥാനത്തുനിന്നുള്ള വിദ്യാർത്ഥികളുടെയും എണ്ണം ഓരോ വർഷവും വിശകലനം ചെയ്യാറുണ്ടോ;ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | ബി) ഉണ്ട്. |
| സി) വിദേശ വിദ്യാർത്ഥികളുടെയും അന്യ സംസ്ഥാനത്തുനിന്നുള്ള വിദ്യാർത്ഥികളെയും ആകർഷിക്കുന്നതരത്തിൽ ഗുണനിലവാരമുള്ള ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളാക്കി നമ്മുടെ സർവ്വകലാശാലകളെയും കൽപ്പിത സർവ്വകലാശാലകളെയും കോളേജുകളെയും മാറ്റുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ? | സി) പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. വിദേശസർവ്വകലാശാലകൾ ഉൾപ്പെടെയുള്ള വിവിധ സർവകലാശാലകളുമായി ചേർന്ന് അക്കാഡമിക് സഹകരണത്തിനും സ്റ്റുഡന്റ് ഫാക്കൽറ്റി എക്സ്ചേഞ്ച് പ്രോഗ്രാമുകൾ നടത്തുന്നതിനും ബ്രിട്ടീഷ് കൗൺസിലുമായി ചേർന്നുള്ള Generation UK Programme, IIASC യുമായി ചേർന്നുള്ള Semester-in-India Programme തുടങ്ങിയവ നടത്തുന്നതിനുള്ള നടപടികൾ കേരള സർവകലാശാലയിൽ ആവിഷ്കരിച്ചുവരുന്നു.<br><br>മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ വിദേശ വിദ്യാർത്ഥികൾക്ക് വിവിധ വകുപ്പുകളിൽ പഠനസൗകര്യം ഒരുക്കുന്നതിനായി Inter University Centre for International Co-operation എന്ന പേരിൽ ഒരു ഡിപ്പാർട്ട്മെന്റും Inter University Centre for Chinese Studies ഉം പ്രവർത്തിക്കുന്നുണ്ട്.<br><br>വിദേശ വിദ്യാർത്ഥികളുടെ പ്രവേശനം മുതൽ കോഴ്സ് പൂർത്തീകരിക്കുന്നതു വരെയുള്ള എല്ലാ |

| | |
|---|---|
| | സേവനങ്ങളും ഏകീകരിക്കുന്നതിനായി സിംഗിൾ വിൻഡോ സംവിധാനവും, കാമ്പസ്സിലെ വിദേശ വിദ്യാർത്ഥികളുടെ താമസ സൗകര്യങ്ങൾക്കായി ഒരു ഇന്റർനാഷണൽ സ്റ്റുഡന്റ്സ് ഹോസ്റ്റലും, പുതിയതായി വരുന്ന വിദേശ വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ ക്ലാസ്സുകൾ, ഇംഗ്ലീഷ് ബ്രിഡ്ജ് കോഴ്സ് എന്നിവയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടപ്പിലാക്കി വരുന്നുണ്ട്.<br><br>ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിനും വിദ്യാർത്ഥികളുടെ അഭിരുചിക്കനുസൃതമായി കഴിവ് വികസിപ്പിക്കാനും ഉതകുന്ന തരത്തിൽ പ്രൊ. ബി. ഹൃദയകുമാരി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യു.ജി.സി.യുടെയും, ഹയർ എജ്യൂക്കേഷൻ കൗൺസിലിന്റെയും നിർദ്ദേശ പ്രകാരം ബിരുദ ബിരുദാന്തര തലത്തിൽ Choice Based Credit Semester System – ഉം വിദേശ വിദ്യാർത്ഥികളെ പഠനത്തിന് പ്രവേശിപ്പിക്കുന്നതിനായി ഇന്റർ നാഷണൽ അക്കാദമിക് ഡയറക്ടറേറ്റും വിദേശ ഫാക്കൽറ്റി എക്സ്ചേഞ്ച് പദ്ധതികളും കൂടാതെ സർവ്വകലാശാല വിദ്യാർത്ഥികൾക്കായി പാലയാട് കാമ്പസിൽ ബിസിനസ്സ് ഇൻക്യൂബേഷൻ സെന്ററും കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു. |

| | |
|---|---|
| | കേരളത്തിന് പുറത്തും വിദേശത്തുമുള്ള വിദ്യാർത്ഥികൾക്കായി മലയാള ഭാഷയും സംസ്കാരവും പഠിപ്പിക്കുന്നതിന് ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിന് മലയാള സർവ്വകലാശാലയിൽ നടപടികൾ സ്വീകരിച്ചുവരുന്നു.<br>ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ അധികാര പരിധിയിൽ കൽപിത സർവ്വകലാശാലകൾ ഒന്നും പ്രവർത്തിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**